(എഫ്) ഓരോ ദിവസവും വാഹനങ്ങളിൽ കയറ്റുന്ന മണലിന്റെ അളവ് പോർട്ട്ഓഫീസിൽ നിന്നും നൽകുന്ന വാഹന പാസിലും, കടവുകളിൽ സൂക്ഷിക്കുന്ന കടവ് രജിസ്റ്ററുകളിലും കൃത്യമായി രേഖപ്പെടുത്തുകയും, വകുപ്പുദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

കേരളത്തിനായി റെയിൽവേ ബോർഡ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് നടപടി

182 (6354) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണ് ;

(ബി) ഏതെല്ലാം പാതകൾ ഇരട്ടിപ്പിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട് ; അവയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) റെയിൽവേ വികസനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) റെയിൽവേലൈൻ വൈദ്യുതീകരിക്കുന്നതിനുള്ള പ്രവൃത്തികൾ ഏതെല്ലാം സെക്ടറുകളിലാണ് നടക്കുന്നത് ;

(ഇ) കേരളത്തിനായി റെയിൽവേ ബോർഡ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ജാഗ്രത പുലർത്തുമോ ?

ഉത്തരം

(എ) പുതിയ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, മേൽപ്പാല നിർമ്മാണം, ഇ.എം.യു കാർഷെഡ്, റെയിൽ കോച്ച് ഫാക്ടറി, വാഗൺ ഫാക്ടറി, സ്റ്റേഷനുകളുടെ നവീകരണം എന്നിവയാണ് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ.

(ബി) 1. ഷൊർണൂർ-മംഗലാപുരം അവസാന ഘട്ടത്തിലാണ്.

2. എറണാകുളം-കോട്ടയം-കായംകുളം പണി പുരോഗമിച്ചു വരുന്നു.

3. കായംകുളം-അമ്പലപ്പുഴ-ഹരിപ്പാട് വരെ പണി പുരോഗമിക്കുന്നു.

4. എറണാകുളം-കുമ്പളങ്ങി നടപടി ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. റെയിൽവേയ്ക്ക് ആവശ്യമായ സ്ഥലമെടുപ്പ്, ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി. സ്ഥലമെടുപ്പിന് കളക്ടർമാരുടെ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിക്കുന്നു.

(ഡി) തൃശ്ശൂർ-ഗുരുവായൂർ, തിരുവനന്തപുരം-കന്യാകുമാരി.

(ഇ) പുലർത്തുന്നതാണ്.

കൊച്ചി മെട്രോ റെയിൽ പദ്ധതി

183 (6355) ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന്, സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

(ബി) ടി പദ്ധതിയെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ തുടർ നടപടി ഏതുവരെയായി ;

(സി) ടി പദ്ധതി ഇനി സ്വകാര്യ മേഖലയിലാണോ പൊതുമേഖലയിലാണോ ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കുമെന്നും ഇതിന്റെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാനാകുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഹു. കേന്ദ്ര നഗരവികസന മന്ത്രിയുടെ അംഗീകാരത്തോടെ പദ്ധതിക്കുള്ള 'ഇൻപ്രിൻസിപ്പൽ' അംഗീകാരത്തിനായി സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം, പ്ലാനിംഗ് കമ്മീഷന് നൽകിയെന്നും, തുടർന്ന് ചില ഉപാധികളോടെ പ്ലാനിംഗ് കമ്മിഷൻ പദ്ധതിയെ പിൻതാങ്ങിയതായും കേന്ദ്ര നഗരവികസന മന്ത്രാലയം സംസ്ഥാന സർക്കാരിനെ രേഖാമൂലം 2009 സെപ്റ്റംബർ മാസം അറിയിച്ചിട്ടുണ്ട്.

(ബി) കൊച്ചി മെട്രോ പദ്ധതിക്കുള്ള അംഗീകാരത്തിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടു വരുന്നു. അംഗീകാരം ഉടൻ ലഭിക്കുമെന്ന പ്രതീക്ഷയിൽ 158.68 കോടി രൂപയുടെ പ്രാരംഭ ജോലികൾക്ക് 19-3-2010-ലെ ജി.ഒ.(എം.എസ്) നം.34/2010/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായൊരു ടെക്നിക്കൽ കോ-ഓർഡിനേഷൻ കമ്മിറ്റിയെ 1-6-2010-ലെ ജി.ഒ.(ആർ.ടി) നം.221/10/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ പ്രാരംഭജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കാൻ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly